പുസ്തകപരിചയം

# എനിക്കാ പച്ചിലയിൽ ഒന്നുകൂടി തൊടണം...

മുകുന്ദനുണ്ണി

പച്ചില ബുക്സും യതി ബുക്സും ചേർന്ന് പ്രസിദ്ധീകരിച്ച വി. മോഹനൻ വരച്ച ചിത്രങ്ങളുടെ സമാഹാരമായ 'എനിക്കാ പച്ചിലയിൽ ഒന്നുകൂടി തൊടണം' ഏറെ പ്രത്യേകതകളും പ്രതീക്ഷകളും നിറഞ്ഞതാണ്. ഉള്ളടക്കം കൊണ്ടും നിർമ്മാണനിർവ്വഹണത്തിന്റെ നൂതനതകൾ കൊണ്ടും മലയാളിയുടെ ചരിത്രത്തിലൊരു പുതിയ കാൽവെപ്പാണ് ഈ പുസ്തകം.

എഴുത്തിന് കാര്യമാത്ര പ്രസക്തി മാത്രം നൽകി ചിത്രങ്ങൾക്ക് പ്രഥമസ്ഥാനം കൊടുത്തുകൊണ്ട് ചിത്രസമാഹാരം ഇറങ്ങുന്നത് മലയാളത്തിൽ ഇത് ആദ്യമായാണ്. ഇതിൽ ചിത്രങ്ങൾ അതിന്റേതായ രീതിയിൽ സംവദിക്കുകയും വാക്കുകൾ മൗനികളാകുകയും ചെയ്യുന്നു.

മോഹനൻ വരച്ച ആയിരത്തോളം വരുന്ന ചിത്രങ്ങളിൽ നിന്ന് തിരഞ്ഞെടുത്ത ഏതാനും ചിത്രങ്ങളാണിവ. ചിത്രങ്ങളുടെ അനുസ്യൂതിയനുസരിച്ചാണ് പേജുകളൊരുക്കിയിരിക്കുന്നത്.

ലോകശ്രദ്ധയാകർഷിക്കുന്ന ചിത്രങ്ങളാണ് മോഹനന്റേത്. ചിത്രകലാനുഭവത്തിന്റെ ഏറ്റവും ആദ്യത്തെ മുഹൂർത്തങ്ങളിൽ നിന്നാണ് മോഹനന്റെ ഓരോ ചിത്രവും രൂപം കൊണ്ടിട്ടുള്ളത്. ഒരു ചിത്രകാരനായിത്തീരുകയും അതിൽ തന്മയത്വം പ്രാപിക്കുകയും ചെയ്യുമ്പോൾ നഷ്ടമാകുന്ന അനുഭവത്തിന്റെ 'നവനവോന്മേഷ പ്രതിഭ' മോഹനന്റെ ചിത്രങ്ങളിൽ കാണാം. ചിത്രകാരനായി മാറുന്ന നിമിഷം മോഹനൻ നിഷ്കളങ്കനാവുന്നു. വരയാരംഭിക്കുമ്പോൾ അറിവിന്റെ ഉറയൂരിയെറിയുന്നു. മോഹനന്റെ ചിത്രങ്ങളിൽ എല്ലാം ആദ്യം തൊട്ട് തുടങ്ങുന്നു. പെട്ടെന്ന് സംജാതമാവുന്ന ഉൾക്കാഴ്ചകളുടെ ബലത്തിൽ വിചിത്രമായ ദൃശ്യങ്ങൾ രൂപം കൊള്ളുന്നു.

വേർതിരിച്ച് മാറ്റാനാകാത്ത ലോകമാണ് ഈ ചിത്രങ്ങളിൽ. വേർതിരിവുകളുടെ ആരംഭത്തിലേക്ക് പുതുതായി ചിത്രകാരൻ വീണ്ടും വീണ്ടും മടങ്ങി വരുന്നു. അതുകൊണ്ട് ചിത്രകാരനു തന്നെ ഓരോ ചിത്രവും പുതിയ പുതിയ അനുഭവങ്ങളാണ്. മോഹനൻ ചിത്രം വരയ്ക്കുമ്പോൾ ഒന്നും തന്നെ അലങ്കരിക്കപ്പെടുകയല്ല. നേരന്വേഷിക്കുന്നവന് വന്നു ചേരുന്ന അലങ്കാരരാഹിത്യം ഈ ചിത്രങ്ങളിലൂടനീളം കാണാം. മോഹനന്റെ ചിത്രങ്ങൾ പൊതുവേ അനുഭവത്തിനപ്പുറത്താണ്. ഒരനുഭവം അതിന്റെ സ്വാഭാവികതയുടെ അപ്പുറത്തേക്ക് മറിച്ചിടുമ്പോഴുണ്ടാകുന്ന വൈചിത്ര്യമാണ് പല ചിത്രങ്ങളുടേയും രൂപതത്വം. വേർതിരിവുകളുടെയും തരം തിരിവുകളുടേയും നിയമങ്ങൾക്ക് പിടികൊടുക്കാത്ത മനസ്സാണ് ഈ ചിത്രങ്ങളുടെ ഉപജ്ഞാതാവ്. അതുകൊണ്ട് ഒന്ന് വരഞ്ഞുവരുമ്പോൾ അത് അതുമാത്രമല്ലാതാവുകയും ചിലപ്പോൾ അതെല്ലാമായിത്തീരുകയും ചെയ്യുന്നു. ചില ചിത്രങ്ങൾ ഒന്നുമല്ലാതായിത്തീരുമ്പോഴാണ് എന്തെങ്കിലുമാവുന്നത്.

മോഹനന്റെ ചിത്രങ്ങളുടെ പ്രത്യേകതകളിലൊന്ന് ഒരു രൂപവും ഒന്നു മാത്രമല്ല എന്നതാണ്. ഒരു രൂപത്തിന്റെ ദൃശ്യാനുഭവങ്ങളിലെത്തി നിൽക്കുമ്പോഴേക്കും മറ്റൊരു രൂപത്തിന്റെ പടി വാതിൽക്കലെത്തി നിൽക്കുകയാവും. എവിടെയുമെത്താതെ എല്ലായിടത്തുമെത്തുകയും ചെയ്യും. ഒരു ജീവി മറ്റൊന്നായും, കാടും മണ്ണും പുഴയുമെല്ലാം ഒന്നിന്റെ തന്നെ രൂപാന്തരമാവുന്നതും കാണാം. വരകൾ ജീവൻ നൽകുന്ന രൂപങ്ങളുടെ ലയത്തിനനുസരിച്ച് വിന്യസിക്കപ്പെടുന്ന ജീവപരിണാമം മോഹനന്റെ ചിത്രങ്ങളിൽ ആവർത്തിക്കപ്പെടുന്ന ഒരു പ്രമേയമാണ്. പ്രകൃതിയിലെ വിശാലതയിൽ കാണുന്ന പരസ്പര ശ്രദ്ധയുംമനുഷ്യന്റെ ഇരുണ്ട ഭ്രാന്തൻ ഇടവഴികളും ഇടുക്കുകളും അങ്ങോട്ടും ഇങ്ങോട്ടും കുഴഞ്ഞുകിടക്കുന്ന ദൃശ്യങ്ങൾ മോഹനന്റെ ചിത്രങ്ങളിൽ ആശയക്കുഴപ്പം പോലെ വീണ്ടും വീണ്ടും വരുന്നു.

ഒരു ചിത്രം ആ ചിത്രത്തിന്റെ പോലും അവസാനമല്ല എന്ന ഒരു പ്രതീതി ജനിപ്പിക്കാൻ മോഹനൻ ശ്രദ്ധിച്ചിട്ടുണ്ട്. അതേ അനുഭവം തന്നെ ഇനിയുമെത്രയോ വരക്കാനുണ്ട് എന്ന വിചാരം മോഹനന്റെ വരയ്ക്കാനുള്ള കഴിവിനെ സദാ ഉന്മേഷപൂർണ്ണമാക്കുന്നുണ്ട്. വരയ്ക്കുംതോറും വരയ്ക്കപ്പെടാനുള്ള ലോകം ബാക്കിയാവുന്നു. ഇത് വീണ്ടും വരയുടെ പ്രക്രിയയിലേക്ക് തന്നെ ഈ ചിത്രകാരനെ കൊണ്ടുപോകുന്നു. മോഹനന്റെ ചിത്രങ്ങളിൽ പ്രതീകങ്ങൾ കടന്നുവരുന്നത് വളരെ നിഷ്കളങ്കമായാണ്. അനുഭൂതിയുടെ നിഷ്കളങ്കത ഈ ചിത്രകാരനെ മറ്റു ചിത്രകാരന്മാരിൽ നിന്ന് തികച്ചും വ്യത്യസ്തനാക്കുന്നു.

ക്രിയാത്മകമായ സൗഹൃദം മാത്രമാണ് മോഹനന്റെ ചിത്രങ്ങളുടെ പ്രസാധനത്തിനു പിറകിലുള്ള മുതൽമുടക്ക്. തന്റെ ചിത്രങ്ങൾക്ക് ഇങ്ങനെയൊരു ഭാവിയുണ്ടാകുമെന്ന് മോഹനനും കരുതിയിരുന്നില്ല. പ്രസാധനവും വിപണനവുമൊന്നും മോഹനന്റെ ലോകത്തിലില്ല - അത് സമർത്ഥരുടെ ലോകം. എന്നാൽ മോഹനനെ അറിഞ്ഞ അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ ശ്രമിച്ചതിന്റെ ഫലമായി കെട്ടിലും മട്ടിലും ലോകനിലവാരം പുലർത്തിക്കൊണ്ടുതന്നെ പ്രസ്തുതപുസ്തകം പുറത്തിറങ്ങി. സമൂഹത്തിൽ സൗഹൃദവും കൂട്ടായ്മയുടെ വേദികളും അപ്രത്യക്ഷമായ ഒരു കാലത്താണിത് എന്നത് ശുഭസൂചകമാണ്.

**എനിയ്ക്കാ പച്ചിലയിൽ ഒന്നുകൂടി തൊടണം**



**വി. മോഹനൻ**

**എഡിറ്റർമാർ**
കെ.ജി. ശങ്കരപ്പിള്ള
സി.എസ്. വെങ്കിടേശ്വരൻ

പച്ചില ബുക്സ്, കോഴിക്കോട്
യതി ബുക്സ്, കോഴിക്കോട്

രൂപ 300/-

**കോപ്പികൾക്ക്: കേരളീയം, തൃശ്ശൂർ 21**